# പെരിയഡുക്കയിൽ തെങ്ങിന് കൂമ്പുചീയൽ വ്യാപകം

MB dt 25/9/19



പെരിയഡുക്കയിലെ താജുദീന്റെ പറമ്പിലെ നശിച്ചുതുടങ്ങിയ തെങ്ങ്



ലിസി ബേബിയുടെ രോഗം ബാധിച്ച തെങ്ങ്



വിജയന്റെ രോഗം ബാധിച്ച് തല പോയ തെങ്ങ്

## ആശങ്കയോടെ കർഷകർ

ഡോൺ കെ.ഡൊമിനിക്
കാസർകോട്

• മാസം അറുപതിനടുത്ത് തേങ്ങ ലഭിക്കുന്ന തെങ്ങ്. വീട് വെക്കാൻ ഒരുങ്ങിയ പെരിയഡുക്കയിലെ താജുദീന് അത് മുറിക്കാതെ നിവൃത്തിയുണ്ടായിരുന്നില്ല.

പക്ഷേ, ഒരു വീട്ടിലേക്കാവശ്യമായ കായ്ഫലം നൽകുന്ന തെങ്ങ് മുറിച്ചുമാറ്റി വീടുവെക്കാൻ മനസ്സുവന്നില്ല. പകരം, പണിയാനൊരുങ്ങുന്ന വീടിന്റെ പ്ലാൻ മാറ്റി.

തെങ്ങ് മുറിക്കാതെ വീട് പണിയുകയും ചെയ്തു. പക്ഷേ, പെരിയഡുക്കത്ത് വ്യാപകമായ കൂമ്പുചീയൽ കാരണം താജുദീന്റെ തെങ്ങും നശിച്ചു.

പെരിയഡുക്കം ജലസംഭരണിക്ക് സമീപത്തെ ഒട്ടേറെയാളുകളുടെ തെങ്ങുകൾക്കാണ് കൂമ്പുചീയൽ വ്യാപിച്ചിരിക്കുന്നത്. അറുപതോളം കുടുംബങ്ങൾ ഇവിടെ തിങ്ങിപ്പാർക്കുന്നുണ്ട്.

മിക്കവരുടെയും പറമ്പിൽ വീട്ടാവശ്യങ്ങൾക്കായി രണ്ടോ മൂന്നോ തെങ്ങുണ്ട്.

എന്നാൽ, കൂമ്പുചീയൽ വ്യാപിച്ചതിനാൽ ഇവയെല്ലാം നാശത്തിന്റെ വക്കിലാണ്. എൺപതോളം തെങ്ങുകളാണ് പെരിയഡുക്കയിൽ ഇത്തരത്തിൽ നശിച്ചത്.

'കൂമ്പ് ചീയാൻ തുടങ്ങിയാൽ രൂക്ഷമായ ഗന്ധമാണ് അനുഭവപ്പെടുന്നത്. പിന്നീട് തെങ്ങിന്റെ ഓലകളും പാകമാകാത്ത തേങ്ങകളും കൊഴിഞ്ഞുപോകും.

രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റാൻ 5000 രൂപ വരെയാണ് തൊഴിലാളികൾ ആവശ്യപ്പെടുന്നത്. ഇത് സാധാരണക്കാർക്ക് താങ്ങാനാവില്ല.' പെരിയഡുക്കയിലെ ജോസഫ് പറയുന്നു.

കർഷകരുടെ പരാതിയെ തുടർന്ന് കാസർകോട് സി.പി.സി.ആർ.ഐ.യിൽ നിന്ന് ഉദ്യോഗസ്ഥർ കൃഷിയിടം പരിശോധിക്കുകയും തെങ്ങുകൾക്ക് വ്യാപിച്ചിരിക്കുന്നത് കൂമ്പുചീയലാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

പെരിയഡുക്ക മേഖലയിൽ മാത്രം ബാധിച്ച പ്രശ്നമായതിനാൽ തെങ്ങുകൾ മുറിച്ചുമാറ്റാനും നഷ്ടപരിഹാരം നൽകാനും പഞ്ചായത്തുതലത്തിൽ നടപടികളെടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## ഉടൻ പ്രതിരോധ നടപടിയെടുക്കണം

▸കൂമ്പുചീയൽ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ ഉടൻ പ്രതിരോധനടപടികളെടുക്കണം. രക്ഷപ്പെടുത്താനാവാത്ത വിധം രോഗം ബാധിച്ച തെങ്ങുകൾ വെട്ടിക്കളയണമെന്നും അല്ലെങ്കിൽ രോഗകാരിയായ കുമിൾ മറ്റു തെങ്ങുകളിലേക്ക് വ്യാപിക്കുമെന്നും സി.പി.സി.ആർ.ഐ. അധികൃതർ അറിയിച്ചു.